29.05.22 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 25-02-1991

# ചിന്തയിലും കർമ്മത്തിലും സമാനത കൊണ്ടു വരിക തന്നെയാണ് പരമാത്മ സ്നേഹത്തെ നിറവേറ്റുക

ഇന്ന് ബാപ്ദാദ തന്റെ സർവ്വ സ്വരാജ്യ അധികാരി കുട്ടികളെ കണ്ട് ഹർഷിതമായി കൊണ്ടിരിക്കുന്നു കാരണം സ്വരാജ്യ അധികാരി തന്നെയാണ് അനേക ജന്മം വിശ്വ രാജ്യ അധികാരിയാകുന്നത്. അതിനാൽ ഇന്ന് ഡബിൾ വിദേശി കുട്ടികളോട് ബാപ്ദാദ സ്വരാജ്യത്തിലെ കാര്യങ്ങൾ അന്വേഷിച്ചു കൊണ്ടിരിക്കുന്നു. ഓരോ രാജ്യധികാരിയുടെ രാജ്യം നല്ല രീതിയിലാണോ പൊയ്ക്കൊണ്ടിരിക്കുന്നത്? നിങ്ങളുടെ രാജ്യഭരണത്തിനു സഹായിക്കുന്നവർ, സഹയോഗി സാഥി, സദാ സമയത്ത് യഥാർത്ഥ രീതിയിലൂടെ സഹയോഗം നല്കി കൊണ്ടിരിക്കുന്നുണ്ടോ- ഇടയ്ക്കിടയ്ക്ക് ചതിക്കുന്നുണ്ടോ? സൂക്ഷ്മത്തിലും സ്ഥൂലത്തിലുമുള്ള കർമ്മേന്ദ്രിയങ്ങൾ സർവ്വരും നിങ്ങളുടെ ഓർഡർ അനുസരിച്ചാണോ നടക്കുന്നത്? ആർക്ക് ഏത് സമയത്ത് എന്ത് ഓർഡർ ചെയ്താലും അതേ സമയത്ത് അതേ വിധിയിലൂടെ നിങ്ങളുടെ സഹയോഗിയായി തീരുന്നുണ്ടോ? ദിവസവും തന്റെ രാജ്യ ദർബാർ കൂടുന്നുണ്ടോ? രാജ്യത്തിലെ ഇന്ദ്രിയങ്ങൾ 100 ശതമാനം ആജ്ഞാകാരി, വിശ്വസ്ഥർ, എവർറെഡിയാണോ? എന്താണ് വിശേഷം? നല്ലതാണോ അതോ വളരെ നല്ലതാണോ അതോ വളരെ വളരെ നല്ലതാണോ? രാജ്യ ദർബാർ നല്ല രീതിയിലൂടെ സദാ സഫലമാകുന്നുണ്ടോ അതോ ഇടയ്ക്കിടയ്ക്ക് സഹയോഗി കർമ്മേന്ദ്രിയങ്ങൾ ചഞ്ചലത കാണിക്കുന്നുണ്ടോ? ഈ പഴയ ലോകത്തിലെ രാജ്യ സഭയിലെ കാര്യങ്ങൾ നല്ല രീതിയിൽ അറിയാമല്ലോ- നിയമവുമില്ല, ഓർഡറിലുമല്ല. എന്നാൽ നിങ്ങളുടെ രാജ്യ ദർബാർ നിയമമനുസരിച്ചുമാണ്, സദാ ഹാം ജിയാണ്- ഈ ഓർഡറിൽ നടക്കുന്നു. എത്രത്തോളം രാജ്യ അധികാരി ശക്തിശാലിയാണോ അത്രയും രാജ്യ സഹയോഗി കർമ്മേന്ദ്രിയങ്ങളും സ്വതവേ തന്നെ സദാ സൂചനയനുസരിച്ച് നടക്കുന്നു, രാജ്യധികാരി ഓർഡർ ചെയ്തു- ഇത് കേൾക്കരുത്, ഇത് ചെയ്യരുത്, പറയരുത്, എങ്കിൽ സെക്കന്റിൽ സൂചനയനുസരിച്ച് കാര്യം ചെയ്യണം. നിങ്ങൾ ഓർഡർ ചെയ്തു- കാണരുത് എന്ന്, എന്നാൽ കണ്ടിട്ട് പിന്നെ തെറ്റ് ചെയ്തുവെന്ന് പറഞ്ഞ് മാപ്പ് ചോദിക്കുന്നു. ചെയ്തതിന് ശേഷം ചിന്തിച്ചുവെങ്കിൽ അവരെ വിവേകശാലി സാഥിയെന്ന് പറയുമോ? മനസ്സിന് ഓർഡർ ചെയ്തു- വ്യർത്ഥം ചിന്തിക്കരുത്, സെക്കന്റിൽ ഫുൾസ്റ്റോപ്പ്, രണ്ട് സെക്കന്റ് പോലും എടുക്കുന്നില്ല. ഇതിനെയാണ് പറയുന്നത്- യുക്തിയുക്തമായ രാജ്യ ദർബാർ. അങ്ങനെ രാജ്യ അധികാരിയായോ? ദിവസവും രാജ്യ ദർബാർ കൂടുന്നുണ്ടോ അതോ ഓർമ്മ വരുമ്പോഴാണോ ഓർഡർ നല്കുന്നത്? ദിവസവും ദിനം സമാപ്തമാകുമ്പോൾ തന്റെ സഹയോഗി കർമ്മേന്ദ്രിയങ്ങളെ ചെക്ക് ചെയ്യൂ ഏതെങ്കിലും കർമ്മേന്ദ്രിയത്തിലൂടെ അടിക്കടി തെറ്റ് ഉണ്ടാകുന്നുവെങ്കിൽ തെറ്റായ കാര്യം ചെയ്ത് ചെയ്ത് സംസ്ക്കാരം പക്കാ ആകുന്നു. പിന്നെ പരിവർത്തനപ്പെടുത്തുന്നതിൽ സമയവും പരിശ്രമവും വേണ്ടി വരുന്നു. അതേ സമയത്ത് ചെക്ക് ചെയ്തു, പരിവർത്തനപ്പെടാനുള്ള ശക്തി നല്കിയെങ്കിൽ സദാ കാലത്തേക്ക് ശരിയാകും. ഇത് തെറ്റാണ്, ശരിയല്ല എന്ന് അടിക്കടി ചെക്ക് ചെയ്യുന്നു, അതിനെ പരിവർത്തപ്പെടുത്താനുള്ള യുക്തി അഥവാ നോളേജിന്റെ ശക്തി നല്കിയില്ലായെങ്കിൽ കേവലം അടിക്കടി ചെക്ക് ചെയ്യുന്നതിലൂടെ മാത്രം പരിവർത്തനപ്പെടില്ല, അതിനാൽ ആദ്യം സദാ കർമ്മേന്ദ്രിയങ്ങളെ നോളേജിന്റെ ശക്തിയിലൂടെ പരിവർത്തനപ്പെടുത്തൂ. ഇത് തെറ്റാണെന്ന് മാത്രം ചിന്തിക്കരുത്. എന്നാൽ ശരിയെന്താണ്, ശരിയായതനുസരിച്ച് നടക്കുന്നതിനുള്ള വിധി സ്പഷ്ടമായിരിക്കണം. മറ്റുള്ളവരോട് പറഞ്ഞു കൊണ്ടിരിക്കുകയാണെങ്കിൽ പറയുന്നതിലൂടെ പരിവർത്തനപ്പെടില്ല എന്നാൽ പറയുന്നതിനോടൊപ്പം വിധി സ്പഷ്ടമാക്കൂവെങ്കിൽ സിദ്ധി ഉണ്ടാകും. സ്വരാജ്യത്തെ നിയന്ത്രിക്കുന്നതിൽ സഫലമായവർക്ക്, ഇത് സഫലതമായ രാജ്യ അധികാരിയുടെ ലക്ഷണമാണ്, അവർ സദാ തന്റെ പുരുഷാർത്ഥത്തിലും അതോടൊപ്പം സംബന്ധ സമ്പർക്കത്തിൽ വരുന്ന ആത്മാക്കളും സദാ ആ സഫലമായ ആത്മാക്കളിൽ സന്തുഷ്ടരായിരിക്കും, സദാ ഹൃദയത്തിൽ നിന്നും ആ ആത്മാവിനെ പ്രതി നന്ദി വന്നു കൊണ്ടിരിക്കും. സർവ്വരുടെയും ഹൃദയത്തിൽ നിന്നും, സദാ ഹൃദയത്തിന്റെ നാദത്തിലൂടെ ആഹാ ആഹാ എന്ന ഗീതം മുഴങ്ങി കൊണ്ടിരിക്കും, അവരുടെ ചെവികളിൽ സർവ്വരിലൂടെ ഈ ആഹാ ആഹാ എന്ന നന്ദി സൂചകമായ സംഗീതം കേൾക്കാൻ സാധിക്കും. ഈ ഗീതം ഓട്ടോമാറ്റിക്ക് ആണ്, ഇതിന് വേണ്ടി ടേപ്പ് റിക്കാർഡർ ആവശ്യമില്ല. ഇതിനായി യാതൊരു സാധനങ്ങളുടെയും ആവശ്യമില്ല. ഇത് മധുരമായ ഗീതമാണ്. അതിനാൽ അങ്ങനെയുള്ള സഫലമായ രാജ്യ അധികാരിയായോ? കാരണം ഇപ്പോഴത്തെ സഫലമായ രാജ്യ അധികാരി ഭാവിയിൽ സഫലതയുടെ ഫലമായ വിശ്വ രാജ്യം പ്രാപ്തമാക്കും. സമ്പൂർണ്ണമായ സഫലതയില്ല, ഇടയ്ക്ക് അങ്ങനെയും ഇങ്ങനെയുമാണ്, ഇടയ്ക്ക് 100 ശതമാനം സഫലതയുണ്ട്, ഇടയ്ക്ക് കേവലം സഫലത മാത്രം. 100 ശതമാനം സഫലതയില്ല എങ്കിൽ അങ്ങനെയുള്ള രാജ്യ അധികാരി ആത്മാവിന് വിശ്വത്തിന്റെ, രാജ്യ

സിംഹാസനം, കിരീടം പ്രാപ്തമാകില്ല എന്നാൽ റോയൽ പരിവാരത്തിൽ വരും. ഒന്നുണ്ട് സിംഹാസനസ്ഥർ, രണ്ടാമത്തേത് സിംഹാസനസ്ഥരായ റോയൽ പരിവാരം. സിംഹാസനസ്ഥർ അർത്ഥം വർത്തമാന സമയത്തും സദാ ഡബിൾ സിംഹാസനസ്ഥരായിട്ടിരിക്കണം. ഡബിൾ സിംഹാസനം ഏതാണ്? ഒന്ന് അകാല സിംഹാസനം(ഭൃഗുഡി), രണ്ടാമത്തേത് ബാബയുടെ ഹൃദയ സിംഹാസനം. അതിനാൽ ഇപ്പോൾ സദാ ഡബിൾ സിംഹാസനസ്ഥരായവർ, ഇടയ്ക്ക് ഇടയ്ക്കുള്ളവരല്ല, അങ്ങനെയുള്ള സദാ ഹൃദയസിംഹാസനസ്ഥർ വിശ്വ സിംഹാസനസ്ഥരുമായി തീരുന്നു. ചെക്ക് ചെയ്യൂ- മുഴുവൻ ദിനത്തിൽ ഡബിൾ സിംഹാസനസ്ഥരായിരുന്നോ? സിംഹാസനസ്ഥരല്ലായെങ്കിൽ നിങ്ങളുടെ സഹയോഗി കർമ്മേന്ദ്രിയങ്ങളും നിങ്ങളുടെ ഓർഡർ അനുസരിച്ച് നടക്കില്ല. രാജാവിന്റെ ഓർഡർ അനുസരിക്കണമല്ലോ. സിംഹാസനത്തിലിരിക്കാതെ ഓർഡർ ചെയ്താൽ ആരും അനുസരിക്കുകയില്ല. ഇന്നത്തെ കാലത്ത് സിംഹാസനത്തിന് പകരം കസേരയായി, സിംഹാസനം സമാപ്തമായി. യോഗ്യതയില്ലാതായപ്പോൾ സിംഹാസനം നഷ്ടപ്പെട്ടു. കസേരയിലാണെങ്കിൽ സർവ്വരും അനുസരിക്കും. കസേരയില്ലായെങ്കിൽ സർവ്വരും അംഗീകരിക്കില്ല. നിങ്ങൾ കസേരയുള്ള നേതാവല്ലല്ലോ. സ്വരാജ്യ അധികാരി രാജാവാണ്. സർവ്വരും രാജാക്കൻമാരല്ലേ അതോ ചിലർ പ്രജകളാണോ? രാജയോഗി അർത്ഥം രാജാവ്. നോക്കൂ, എത്ര കോടി മടങ്ങ് ഭാഗ്യവാൻമാരാണ്! ലോകം പ്രത്യേകിച്ചും വിദേശം ചഞ്ചലതയിലാണ്. അവർ യുദ്ധത്തിന്റെയും തോൽവിയുടെയും ആശയക്കുഴപ്പത്തിലാണ്. ചിലർ പരാജയപ്പെട്ടു കൊണ്ടിരിക്കുന്നു, ചിലർ യുദ്ധം ചെയ്തു കൊണ്ടിരിക്കുന്നു, ചിലർ കാര്യങ്ങൾ കേട്ട് അതിന്റെ ചഞ്ചലതയിലിരിക്കുന്നു. അതിനാൽ അവർ യുദ്ധത്തിന്റെയും പരാജയത്തിന്റെയും ചഞ്ചലതയിലാണ്, നിങ്ങൾ ബാപ്ദാദായുടെ സ്നേഹത്തിലും. പരമാത്മ സ്നേഹം ദൂരെ ദൂരെ നിന്ന് ആകർഷിച്ചു കൊണ്ടു വന്നു. എങ്ങനെയുള്ള പരിതസ്ഥിതികളാകട്ടെ പരമാത്മ സ്നേഹത്തിന് മുന്നിൽ പരിതസ്ഥിതികൾക്ക് തടസ്സമാകാൻ സാധിക്കില്ല. പരമാത്മ സ്നേഹം ബുദ്ധിവാൻമാരുടെയും ബുദ്ധിയായി പരിതസ്ഥിതിയെ ശ്രേഷ്ഠമായ സ്ഥിതിയിൽ പരിവർത്തനപ്പെടുത്തുന്നു. ഡബിൾ വിദേശികളിലും നോക്കൂ ആദ്യം പോളണ്ടിലുള്ളവർ എത്ര പ്രയത്നിച്ചിരുന്നു, അസംഭവ്യമായി തോന്നിയത് ഇപ്പോൾ എങ്ങനെ അനുഭവപ്പെടുന്നു? റഷ്യയിലുള്ളവരും അസംഭവ്യമെന്നാണ് കരുതിയിരുന്നത്, 24 മണിക്കൂർ ലൈനിൽ നിൽക്കേണ്ടി വന്നാലും, എത്തി ചേർന്നില്ലേ. പ്രയാസം സഹജമായി. അപ്പോൾ നന്ദി എന്ന് പറയില്ലേ. ഇങ്ങനെ തന്നെ സദാ നടക്കും. ചിലർ ചിന്തിക്കുന്നു- അന്തിമത്തിൽ വിമാനം നിറുത്തലാകും, പിന്നെ നമ്മളെങ്ങനെ പോകും? പരമാത്മ സ്നേഹത്തിൽ ഇത്രയും ശക്തിയുണ്ട്- അതായത് അവരുടെ കണ്ണുകളിൽ പരമാത്മ സ്നേഹത്തിന്റെ ജാലവിദ്യ കാണിക്കും, അവർ നിങ്ങളെ പറഞ്ഞയക്കാൻ പരവശരാകും പക്ഷെ കേവലം സ്നേഹിക്കുന്നവരല്ല, സ്നേഹത്തെ നിറവേറ്റുന്നവരാകണം. നിറവേറ്റുന്ന ആത്മാക്കളോട് ബാബയ്ക്കും പ്രതിജ്ഞയുണ്ട്- അന്തിമം വരെ ഓരോ പ്രശ്നത്തെയും മറി കടക്കുന്നതിൽ സ്നേഹത്തിന്റെ രീതി നിറവേറ്റി കൊണ്ടിരിക്കും. ഇടയ്ക്കിടയ്ക്ക് സ്നേഹിക്കുന്നവരാകരുത്. സദാ നിറവേറ്റുന്നവർ. സ്നേഹിക്കാൻ അനേകം പേർക്കറിയാം എന്നാൽ നിറവേറ്റാൻ ചിലർക്കേ അറിയൂ അതിനാൽ നിങ്ങൾ ചിലരിലും ചിലരാണ്.

ബാപ്ദാദ സദാ ഡബിൾ വിദേശി കുട്ടികളെ കണ്ട് സന്തോഷിക്കുന്നു കാരണം ധൈര്യത്തോടെ ബാബയുടെ സഹായത്തിന് പാത്രമായി അനേക പ്രകാരത്തിലെ മായയുടെ ബന്ധനങ്ങൾ, അനേക പ്രകാരത്തിലുള്ള രീതി സമ്പ്രദായങ്ങളുടെ അതിരുകളെയെല്ലാം മറി കടന്ന് എത്തി ചേർന്നു. ഈ ധൈര്യവും കുറവല്ല. സർവ്വരും നല്ല ധൈര്യം വച്ചു. ഈ ധൈര്യത്തിലും സർവ്വരും നമ്പർവൺ ആണ് പിന്നെ ഏത് കാര്യത്തിലാണ് നമ്പർ വരുന്നത്? ഡബിൾ വിദേശി വിശേഷ പുരുഷാർത്ഥം ചെയ്യുന്നുണ്ട്, ആത്മീയ സംഭാഷണത്തിലും പറയുന്നു- 108 ന്റെ മാലയിൽ തീർച്ചയായും വരും എന്ന്. വരുമോ എന്ന് ആരെങ്കിലും ചോദിക്കുന്നുണ്ടോ? വരേണ്ടത് ആവശ്യമാണ്. ഡബിൾ വിദേശികൾക്കും മാലയിൽ സീറ്റ് സംവരണം ചെയ്തിട്ടുണ്ട്. പക്ഷെ ആര്, എത്ര പേർ- ഇത് മുന്നോട്ട് പോകവേ കേൾപ്പിക്കാം. അപ്പോൾ എന്ത് കൊണ്ട് നമ്പർക്രമം ഉണ്ടാകുന്നു? ഓരോരുത്തരും അവരുടെ അധികാരത്തോടെ പറയുന്നു- എന്റെ ബാബ എന്ന്. അപ്പോൾ അധികാരവും പൂർണ്ണമായിട്ടുണ്ട്, എന്നിട്ടും നമ്പർ ക്രമം എന്ത് കൊണ്ട്? നമ്പർവണിലും നമ്പർ എട്ടിലും വരുന്നവർ തമ്മിൽ വ്യത്യാസം ഉണ്ടാകുമല്ലോ. ഇത്രയും വ്യത്യാസം എന്ത് കൊണ്ടുണ്ടാകുന്നു? 16000 കാര്യം പോട്ടെ, 108ലും നോക്കൂ- 1 എവിടെ, 108 എവിടെ. അപ്പോൾ വ്യത്യാസം എന്തായി? ധൈര്യത്തിൽ സർവ്വരും പാസായി എന്നാൽ ധൈര്യത്തിന്റെ റിട്ടേണായി ബാബയിലൂടെയും ബ്രാഹ്മണ പരിവാരത്തിലൂടെയും ലഭിക്കുന്ന സഹയോഗം, ആ സഹയോഗത്തെ പ്രാപ്തമാക്കി കാര്യത്തിൽ ഉപയോഗിക്കണം, സമയത്ത് സഹായത്തെ ഉപയോഗിക്കണം, ഏത് സമയത്ത് സഹയോഗം അർത്ഥം ശക്തി വേണമോ അതേ ശക്തിയിലൂടെ സമയത്ത് കാര്യം നടക്കണം, ഈ നിർണ്ണയ ശക്തിയും കാര്യത്തിലുപയോഗിക്കാനുള്ള കാര്യ ശക്തിയും- ഇതിൽ വ്യത്യാസം ഉണ്ടാകുന്നു. സർവ്വശക്തിവാനായ ബാബയിലൂടെ സർവ്വശക്തികളുടെ സമ്പത്ത് സർവ്വർക്കും ലഭിക്കുന്നുണ്ട്. ചിലർക്ക് 8 ശക്തി, ചിലർക്ക് 6 ശക്തിയല്ല ലഭിക്കുന്നത്. സർവ്വശക്തികളും ലഭിക്കുന്നു. നേരത്തേയും കേൾപ്പിച്ചിരുന്നു- വിധിയിലൂടെയാണ് സിദ്ധി ലഭിക്കുന്ന

ത്. കാര്യ ശക്തിയുടെ വിധി– ഒന്നുണ്ട് ബാബയുടേതാകുന്നതിനുള്ള വിധി, രണ്ടാമത് ബാബയിൽ നിന്നും സമ്പത്ത് പ്രാപ്തമാക്കുന്നതിനുള്ള വിധി, മൂന്നാമത് പ്രാപ്തമാക്കിയ സമ്പത്തിനെ കാര്യത്തിൽ ഉപയോഗിക്കുന്നതിനുള്ള വിധി. കാര്യത്തിലുപയോഗിക്കുന്ന വിധിയിൽ വ്യത്യാസം ഉണ്ടാകുന്നു. പോയിന്റുകൾ സർവ്വരുടെയുമടുത്തുണ്ട്. ഒരു ടോപ്പിക്കിൽ വർക്ക്ഷോപ്പ് ചെയ്യുമ്പോൾ എത്ര പോയിന്റുകൾ കണ്ടെത്തുന്നു. അതിനാൽ ഒരു പോയിന്റ് ബുദ്ധിയിൽ വയ്ക്കണം, ഇതാണ് ഒരു വിധി, രണ്ടാമത് പോയിന്റായി പോയിന്റിനെ കാര്യത്തിലുപയോഗിക്കണം. പോയിന്റ് രൂപവുമാകണം, പോയിന്റുകളുമുണ്ടായിരിക്കണം. രണ്ടിന്റെയും സന്തുലനം ഉണ്ടാകണം. ഇതാണ് നമ്പർവൺ വിധിയിലൂടെ നമ്പർവൺ സിദ്ധി പ്രാപ്തമാക്കുക എന്ന് പറയുന്നത്. ചിലപ്പോൾ പോസിന്റിന്റെ വിസ്താരത്തിലേക്ക് പോകുന്നു. ചിലപ്പോൾ പോയിന്റ് രൂപത്തിൽ സ്ഥിതി ചെയ്യുന്നു. പോയിന്റ് രൂപവും, പോയിന്റും ഒപ്പത്തിനൊപ്പം ഉണ്ടായിരിക്കണം. കാര്യ ശക്തിയെ വർദ്ധിപ്പിക്കൂ. മനസ്സിലായോ. നമ്പർ വണ്ണിൽ വരണമെങ്കിൽ ഇങ്ങനെ ചെയ്യണം.

ഇന്നത്തെ കാലത്ത് സയൻസിന്റെ ശക്തി, സയൻസിന്റെ സാധനങ്ങളിലൂടെ കാര്യ ശക്തി എത്ര തീവ്രത കൊണ്ടു വരുന്നു. ചൈതന്യത്തിൽ മനുഷ്യർ ചെയ്യുന്ന കാര്യങ്ങൾ, എത്ര സമയത്ത് എത്ര യഥാർത്ഥമായ ചൈതന്യത്തിലെ മനുഷ്യർക്ക് ചെയ്യാൻ സാധിക്കുമോ അത്രയും തന്നെ സയൻസിന്റെ സാധനം കമ്പ്യൂട്ടറിലൂടെ എത്ര പെട്ടെന്ന് തന്നെ ചെയ്യുന്നു. ചൈതന്യത്തിലുള്ള മനുഷ്യരെ പോലും കറക്ട് ചെയ്യുന്നുണ്ട്. സയൻസിന്റെ സാധനങ്ങൾക്ക് കാര്യ ശക്തിയെ തീവ്രമാക്കാൻ സാധിക്കുമെങ്കിൽ, ചില കണ്ടുപിടിത്തങ്ങൾ വന്നിട്ടുണ്ട്, വന്നും കൊണ്ടിരിക്കുന്നുമുണ്ട്, അതിനാൽ ബ്രാഹ്മണ ആത്മാക്കളുടെ സയൻസിന്റെ ശക്തിക്ക് എത്ര തീവ്രമായ കാര്യത്തെ യഥാർത്ഥമായി സഫലമാക്കാൻ സാധിക്കും. സെക്കന്റിൽ നിർണ്ണയിക്കണം, സെക്കന്റിൽ കാര്യത്തെ പ്രാക്ടിക്കലിൽ സഫലമാക്കൂ. ചിന്തിക്കുന്നതിന്റെയും ചെയ്യുന്നതിന്റെയും ബാലൻസ് ഉണ്ടായിരിക്കണം. ചില ബ്രാഹ്മണാത്മാക്കൾ വളരെയധികം ചിന്തിക്കുന്നുണ്ട്, എന്നാൽ ചെയ്യുന്ന സമയത്ത് എത്ര മാത്രം ചിന്തിക്കുന്നോ അത്രയും ചെയ്യുന്നില്ല, ചിലർ പിന്നീട് ചെയ്യുന്നതിൽ മുഴുകുന്നു– പിന്നീടാണ് ചിന്തിക്കുന്നത്– ശരിയായിട്ടാണോ ചെയ്തത്, ഇനിയിപ്പോൾ എന്ത് ചെയ്യണം എന്ന്. അപ്പോൾ ചിന്തയും കർമ്മവും– രണ്ടും ഒപ്പത്തിനൊപ്പം ഉണ്ടാകണം. ഇല്ലായെങ്കിൽ എന്ത് സംഭവിക്കും? ഇന്നത് ചെയ്യണം എന്ന് ചിന്തിക്കുന്നുണ്ട് എന്നാൽ ചിന്തിച്ച് ചെയ്യും, ചിന്തിച്ച് ചിന്തിച്ച് കാര്യത്തിന്റെ സമയവും പരിതസ്ഥിതിയും മാറുന്നു. പിന്നെ പറയുന്നു– ചെയ്യേണ്ടിയിരുന്നു, ചിന്തിച്ചായിരുന്നു..... സയൻസിന്റെ സാധനം തീവ്രഗതിയിൽ പൊയ്ക്കൊണ്ടിരിക്കുന്നു, ഒരു സെക്കന്റിൽ എന്ത് ചെയ്യാൻ സാധിക്കില്ല! വിനാശത്തിനായുള്ള സാധനങ്ങൾ തീവ്ര ഗതിയിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്നു അപ്പോൾ സ്ഥാപനയുടെ ശക്തിശാലി സാധനത്തിന് എന്ത് ചെയ്യാൻ സാധിക്കില്ല. ഇപ്പോൾ പ്രകൃതി നിങ്ങൾ അധികാരികളെ ആഹ്വാനം ചെയ്തു കൊണ്ടിരിക്കുന്നു. നിങ്ങൾ അതിനെ ഓർഡർ ചെയ്യുന്നില്ലായെങ്കിൽ പ്രകൃതി എത്ര ചഞ്ചലതയാണ് കാണിച്ചു കൊണ്ടിരിക്കുന്നത്. അധികാരികൾ തയ്യാറായാൽ പ്രകൃതി നിങ്ങളെ സ്വാഗതം ചെയ്യും. അങ്ങനെ തയ്യാറാണോ? അതോ ഇപ്പോൾ തയ്യാറായി കൊണ്ടിരിക്കുകയാണോ? സമ്പൂർണ്ണമായ തയ്യാറെടുപ്പിന്റെ മഹിമ നിങ്ങളുടെ ഭക്തർ ഇപ്പോൾ വരെ ചെയ്തു കൊണ്ടിരിക്കുന്നു. തന്റെ മഹിമ അറിയാമല്ലോ? ഇപ്പോൾ ചെക്ക് ചെയ്യൂ ഈ സർവ്വതിലും സർവ്വ ഗുണ സമ്പന്നമാണോ, സമ്പൂർണ്ണ നിർവ്വികാരിയാണോ, സമ്പൂർണ്ണ അഹിംസകരാണോ, മര്യാദാ പുരുഷോത്തമരാണോ, 16 കലാ സമ്പന്നവുമാണോ? സർവ്വ കാര്യങ്ങളിലും ഫുൾ ആണെങ്കിൽ മനസ്സിലാക്കൂ അധികാരികൾ തയ്യാറായി, ഇതിൽ ശതമാനമാണ് എങ്കിൽ അധികാരികൾ തയ്യാറായിട്ടില്ല. ബാലകനാണ് എന്നാൽ അധികാരിയായിട്ടില്ല. അതിനാൽ പ്രകൃതി നിങ്ങൾ അധികാരികളെ സ്വാഗതം ചെയ്യും. ബാബയുടെ ബാലകരാണ്. അത് ശരിയാണ്. ഇതിൽ പാസാണ്. പക്ഷെ ഈ 5 കാര്യങ്ങളിൽ സമ്പന്നമാകണം അർത്ഥം അധികാരിയാകണം. പ്രകൃതിയെ ഓർഡർ ചെയ്യട്ടെ? ശരി. തപസ്യാ വർഷത്തിൽ തയ്യാറാകില്ലേ? അപ്പോൾ പിന്നെ ഓർഡർ ചെയ്യാമല്ലോ? ഈ തപസ്യാ വർഷം അവസാന അവസരമാണ് അതോ പിന്നെ പറയുമോ കുറച്ചു കൂടി അവസരം നല്കണം എന്ന്. പിന്നെ പറയില്ലല്ലോ. ശരി.

നാനാ ഭാഗത്തുമുള്ള സർവ്വ രാജ്യ അധികാരി ആത്മാക്കൾക്ക്, സദാ ഡബിൾ സിംഹാസനസ്ഥരായ വിശേഷ ആത്മാക്കൾക്ക്, സദാ ചിന്തയും കർമ്മവും രണ്ട് ശക്തികളെയും സമാനമാക്കുന്ന വരദാനീ ആത്മാക്കൾക്ക്, സദാ പരമാത്മ സ്നേഹം നിറവേറ്റുന്ന സത്യമായ ഹൃദയമുള്ള കുട്ടികൾക്ക് ദിലാരാമനായ ബാപ്ദാദായുടെ സ്നേഹ സ്മരണയും നമസ്തേ.

പാർട്ടികളോടുള്ള അവ്യക്ത മിലനം– മഹാരാഷ്ട്രയിലിരുന്നും സത്യമായ സ്വരൂപത്തിൽ മഹാനായി– ഈ സന്തോഷമുണ്ടല്ലോ അല്ലേ? അവർ പേരിൽ മഹാനാണ്, മഹാത്മാക്കളാണ് എന്നാൽ നിങ്ങൾ പ്രാക്ടിക്കൽ സ്വരൂപത്തിൽ മഹാത്മാക്കളാണ്. ഈ സന്തോഷമുണ്ടല്ലോ? അപ്പോൾ മഹാൻ ആത്മാക്കൾ സദാ

ഉയർന്ന സ്ഥിതിയിലിരിക്കുന്നു. അവർ ഉയർന്ന സിംഹാസനത്തിലിരിക്കുന്നു, ശിഷ്യൻമാരെ താഴെയിരുത്തുന്നു, സ്വയം മുകളിലിരിക്കുന്നു, എന്നാൽ നിങ്ങൾ എവിടെയാണിരിക്കുന്നത്? ഉയർന്ന സ്ഥിതിയുടെ സിംഹാസനത്തിൽ. ഉയർന്ന സ്ഥിതി തന്നെയാണ് ഉയർന്ന സിംഹാസനം. ഉയർന്ന സ്ഥിതിയുടെ സിംഹാസനത്തിലിരിക്കുമ്പോൾ മായക്ക് വരാൻ സാധിക്കില്ല. നിങ്ങളെ മഹാനാണെന്ന് മനസ്സിലാക്കി നിങ്ങളുടെ മുന്നിൽ കുനിയുന്നു. യുദ്ധം ചെയ്യില്ല, തോൽക്കുന്നു. ഉയർന്ന സിംഹാസനത്തിൽ നിന്നും താഴേക്ക് വരുമ്പോൾ മായ യുദ്ധം ചെയ്യുന്നു. സദാ ഉയർന്ന സിംഹാസനത്തിലിരിക്കൂ എങ്കിൽ മായക്ക് വരാനുള്ള ശക്തിയുണ്ടായിരിക്കില്ല. മായക്ക് ഉയരത്തിൽ കയറാൻ സാധിക്കില്ല. അപ്പോൾ എത്ര സഹജമായ സിംഹാസനം ലഭിച്ചിരിക്കുന്നു. ഭാഗ്യത്തിന് മുന്നിൽ ത്യാഗം ഒന്നും തന്നെയല്ല. എന്താണ് ഉപേക്ഷിച്ചത്? ആഭരണമുണ്ട്, വസ്ത്രമുണ്ട്, വീട്ടിൽ വസിക്കുന്നു. ഉപേക്ഷിച്ചുവെങ്കിൽ അഴുക്കിനെയല്ലേ ഉപേക്ഷിച്ചത്. അതിനാൽ സദാ ശ്രേഷ്ഠമായ സിംഹാസനത്തിൽ സ്ഥിതി ചെയ്യുന്ന മഹാനാത്മാക്കളാണ്. ചിന്തിക്കുക പോലും ചെയ്യാത്ത, അതി ശ്രേഷ്ഠമായ പ്രാപ്തിയുടെ അധികാരിയായി മാറി. ഈ ഭാഗ്യത്തിന്റെ സന്തോഷമില്ലേ. ലോകത്തിൽ സന്തോഷമില്ല. കറുത്ത പൈസയുണ്ട് എന്നാൽ സന്തോഷമില്ല. സന്തോഷത്തിന്റെ ഖജനാവിൽ സർവ്വരും ദരിദ്രരാണ്. യാചകരാണ്. നിങ്ങൾ സന്തോഷത്തിന്റെ ഖജനാവിനാൽ സമ്പന്നരാണ്. ഈ സന്തോഷം എത്ര സമയം ഉണ്ടാകും? മുഴുവൻ കല്പവും ഉണ്ടാകും. നിങ്ങളുടെ ജഢ ചിത്രങ്ങളിലൂടെയും സന്തോഷം ലഭിക്കും. അതിനാൽ ചെക്ക് ചെയ്യൂ ഇത്രയും സന്തോഷം സമ്പാദിച്ചോ? ഒന്നോ രണ്ടോ ജന്മത്തേക്കുള്ളത് മാത്രമല്ല. അത്രയും സ്റ്റോക്ക് ശേഖരിക്കൂ, അനേക ജന്മം കൂടെയുണ്ടാകണം. ആരുടെയടുത്ത് എത്രത്തോളം ശേഖരിക്കപ്പെടുന്നുവൊ അത്രയും അവരുടെ മുഖത്തിൽ സന്തോഷവും ലഹരിയും കാണപ്പെടും. നിങ്ങൾ പറഞ്ഞാലും പറഞ്ഞില്ലെങ്കിലും നിങ്ങളുടെ മുഖം പറയും. പറയാറില്ലേ– ബ്രഹ്മാകുമാരിമാർ സദാ സന്തോഷമായിരിക്കുന്നു, എന്താണ് അതിന്റെ രഹസ്യമെന്ന്. ദുഃഖത്തിലും സന്തോഷം. നിങ്ങൾ പറഞ്ഞാലും പറഞ്ഞില്ലെങ്കിലും നിങ്ങളുടെ മുഖം, നിങ്ങളുടെ കർമ്മം പറയുന്നു. ബ്രഹ്മാകുമാർ കുമാരിമാരുടെ ലക്ഷണം തന്നെയാണ്– സന്തോഷത്തോടെയിരിക്കുക എന്ന്. ദുഃഖത്തിന്റെ ദിനങ്ങൾ സമാപ്തമായി. ഇത്രയും ഖജനാക്കൾ ലഭിച്ചു, പിന്നെ ദുഃഖം എവിടെ നിന്ന് വരും? ശരി.

**വരദാനം– സമ്പൂർണ്ണതയുടെ സ്ഥിതിയിലൂടെ പ്രകൃതിയെ ഓർഡർ ചെയ്യുന്ന വിശ്വ പരിവർത്തകരായി ഭവിക്കട്ടെ.**

നിങ്ങൾ വിശ്വ പരിവർത്തകരായ ആത്മാക്കൾ സംഘഠിത രൂപത്തിൽ സമ്പന്നവും, സമ്പൂർണ്ണ സ്ഥിതിയിലൂടെ വിശ്വ പരിവർത്തനത്തിന്റെ സങ്കല്പം ചെയ്യുമ്പോൾ ഈ പ്രകൃതി സമ്പൂർണ്ണമായ ചഞ്ചലതയുടെ നൃത്തം ആരംഭിക്കും. വായു, ഭൂമി, സമുദ്രം, ജലം.....ഇതിന്റെ ചഞ്ചലത തന്നെ ശുദ്ധമാക്കും. പക്ഷെ ഈ പ്രകൃതി നിങ്ങളുടെ ഓർഡർ  അനുസരിക്കണമെങ്കിൽ ആദ്യം നിങ്ങളുടെ സഹയോഗി കർമ്മേന്ദ്രിയങ്ങൾ, മനസ്സ്–ബുദ്ധി–സംസ്ക്കാരം നിങ്ങളുടെ ഓർഡർ അനുസരിക്കണം. അതോടൊപ്പം അത്രയും ശക്തിശാലി തപസ്യയുടെ ഉയർന്ന സ്ഥിതിയുണ്ടായിരക്കണം– സർവ്വരുടെയും സങ്കല്പം ഒന്നാകണം– പരിവർത്തനം എന്ന്. പ്രകൃതിയും ഹാജരാകണം.

**സ്ലോഗൻ– തന്റെ ശ്രേഷ്ഠമായ ഭാഗ്യത്തിലൂടെ സർവ്വരുടെയും ഭാഗ്യത്തെയുണ്ടാക്കുന്ന സദാ ഭഗവാന്റെ സ്മൃതി നല്കി കൊണ്ടിരിക്കുന്നവരാകൂ.**